# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**VOL. XXXXIX/FK- 99 2016 OCTOBER 26 NO. 12**


# PASTORAL LETTER

## ആഗമനകാലം

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ക്രിസ്തുവിന്റെ മനുഷ്യവതാരത്തിന്റെ രക്ഷാകരമായ ഓർമകളിലേക്ക് നമ്മെ ക്ഷണിക്കുന്ന പുണ്യകാലമാണ് ആഗമനകാലം. ഈ വർഷത്തെ ആഗമനകാലം ആരംഭിക്കുന്നത് 2016 നവംബർ 27-ാം തീയതി ഞാറാഴ്ചയാണ്. രണ്ടായിരം വർഷങ്ങൾക്കുമുൻപ് ക്രിസ്തു ഭൂമിയിൽ മനുഷ്യനായി അവതരിച്ചത് മാനവകുലത്തിന്റെ സമഗ്രവും സമ്പൂർണ്ണവുമായ രക്ഷ സാധ്യമാക്കാനാണ്. ആദിപാപം മൂലം പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽപ്പെട്ടുപോയ മനുഷ്യകുലത്തെ മോചിപ്പിക്കാൻ, അനാദിയിൽ ദൈവമൊരുക്കിയ രക്ഷാകരപദ്ധതി സഫലമാക്കാനാണ് ദൈവപുത്രൻ ഈ ലോകത്തിൽ മനുഷ്യനായി അവതരിച്ചത്. പറുദീസായിൽവച്ച് മനുഷ്യനെ പാപത്തിൽ വീഴ്ത്തിയ പൈശാചിക പ്രതീകമായ സർപ്പത്തോട് ദൈവം പറഞ്ഞു: "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും" ഉല്പത്തി പുസ്തകം 3-ാം അധ്യായം 15-ാം വാക്യത്തിൽ നാം വായിക്കുന്ന ഈ ദൈവവചനഭാഗം രക്ഷാകരപദ്ധതിയുടെ 'മുന്ന

റിയിപ്പു സന്ദേശ' (Proto-evangelium) മാണ്. പറുദീസായിൽ വച്ച് ദൈവം വെളിപ്പെടുത്തിയ രക്ഷയുടെ ഈ വാഗ്ദാനമാണ് പില്ക്കാലത്ത് മിശിഹായുടെ വരവിനായി പ്രത്യാശയോടെ കാത്തിരിക്കാൻ ഇസ്രായേൽ ജനത്തിന് ശക്തി നല്കിയത്. ഇസ്രായേൽക്കാരുടെ കാഴ്ചപ്പാടിൽ, സമയത്തിന്റെ പൂർണതയിൽ ദൈവത്താൽ അയക്കപ്പെടുന്ന രാജാവാണ് മിശിഹാ. അവിടുന്ന് യുഗങ്ങൾക്കു മുൻപേയുള്ളവനും (മിക്കാ 5:2; ഏശ. 7:14), സമയത്തിന്റെ പൂർണതയിൽ അവതരിക്കുന്നവനുമാണ്. ഇസ്രായേൽക്കാരുടെ ഈ വിശ്വാസത്തിന് ബലം നല്കുന്ന വചനഭാഗമാണ് ഉല്പത്തി പുസ്തകം 49-ാം അധ്യായം 10-ാം വാക്യത്തിൽ നാം വായിക്കുന്നത്: "ചെങ്കോൽ യൂദായെ വിട്ടുപോകയില്ല. അതിന്റെ അവകാശി വന്നുചേരുംവരെ അധികാര ദണ്ഡ് അവന്റെ സന്തതികളിൽനിന്നു നീങ്ങിപ്പോകയില്ല. ജനതകൾ അവനെ അനുസരിക്കും." മിശിഹാ സ്ഥാപിക്കാനിരിക്കുന്ന സ്വർഗ്ഗീയ സാമ്രാജ്യത്തിന്റെയും അതിനുള്ള അവിടത്തെ ആഗമനത്തിന്റെയും സൂചനകളാണ് ഇവിടെ ദൃശ്യമാകുന്നത്.

ആദിമാതാപിതാക്കന്മാർ പറുദീസായിൽ അനുഭവിച്ച ശാന്തിയുടെയും സമാധാനത്തിന്റെയും നാളുകളാണ് മിശിഹായുടെ രാജ്യത്തിൽ സംജാതമാകുന്നത് (ഏശ 11:6-8). മിശിഹായുടെ ആഗമനത്തോടെയുണ്ടാകുന്ന ആ സുന്ദരകാലത്തെക്കുറിച്ച് കാലാകാലങ്ങളിൽ പ്രവാചകന്മാർ തങ്ങളുടെ വാക്കുകളിലൂടെയും പ്രതീകാത്മക അടയാളങ്ങളിലൂടെയും നിറമുള്ള സ്വപ്നങ്ങൾ അവർക്കു നല്കി. ദാവീദുരാജാവിനോട് നാഥാൻ പ്രവാചകൻ പറയുന്നതിപ്രകാരമാണ്: "ദിനങ്ങൾ തികഞ്ഞു നീ പൂർവികരോട് ചേരുമ്പോൾ നിന്റെ ഔരസപുത്രനെ ഞാൻ ഉയർത്തി അവന്റെ രാജ്യം സുസ്ഥിരമാക്കും. അവൻ എനിക്ക് ആലയം പണിയും. അവന്റെ രാജ്യം ഞാൻ എന്നേക്കും സുസ്ഥിരമാകും. ഞാൻ അവനു പിതാവും അവൻ എനിക്ക് പുത്രനുമായിരിക്കും" (2 സാമു 7:12-13). വരാനിരിക്കുന്ന രക്ഷകനെക്കുറിച്ച് പില്ക്കാലത്ത് ഏശയാ പ്രവാചകൻ പറഞ്ഞു: "എന്തെന്നാൽ നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും. വിസ്മയനീയമായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും" (ഏശ 9:6).

പാവപ്പെട്ടവരുടെയും ആലംബഹീനരുടെയും രക്ഷാകേന്ദ്രമായും (സങ്കീ 12:6) ലോകജനതയെ മുഴുവൻ സമുദ്ധരിക്കുന്നവനായും (സങ്കീ 14:7) വരാനിരിക്കുന്ന മിശിഹായ്ക്കുവേണ്ടിയുള്ള ജനത്തിന്റെ പ്രതീക്ഷാനിർഭരമായ കാത്തിരിപ്പ് യേശുവിന്റെ മനുഷ്യാവതാരത്തോടെ സഫലമായി. മനുഷ്യനായി അവതരിപ്പ ക്രിസ്തുവിന്റെ ആഗമനത്തിന് വഴിയൊരുക്കിക്കൊണ്ട് കന്യകാമറിയം 'ഇതാ കർത്താവിന്റെ ദാസി' എന്നു പറഞ്ഞ് സ്വയം സമർപ്പിച്ചു. 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം' എന്ന സ്വർഗീയ കീർത്തനങ്ങൾ പാടി രക്ഷകനെ മാലാഖമാർ ഭൂമിയിലേക്ക് വരവേറ്റു. അവിടുത്തെ സാന്നിധ്യമാണ് ഇന്നും സമാധാനത്തിനും സന്തോഷത്തിനും ആധാരം. പാവപ്പെട്ടവരും നിഷ്കളങ്കരുമായ ആട്ടിടയന്മാർക്ക് രക്ഷകൻ പ്രഥമദർശനം നല്കി. പൂർവദേശത്തു നിന്നെത്തിയ പൂജാരാജാക്കന്മാർ അവനു മുൻപിൽ മുട്ടുകുത്തി സ്വർണവും കുന്തുരുക്കവും മീറയും സമർപ്പിച്ച് ആരാധിച്ചു.

തൻ പ്രമാണിത്തവും അഹങ്കാരവും കൈമുതലാക്കിയ അധികാരികളാകട്ടെ, അവന്റെ വരവിൽ അസ്വസ്ഥചിത്തരും ഭയവിവശരുമായി. ലോകത്തിന്റെ പാപങ്ങൾ നീക്കാനുള്ള ദൈവത്തിന്റെ കുഞ്ഞാട് എന്നുവിളിച്ച് സ്നാപകയോഹന്നാൻ അവനെ ലോകത്തിനു ചൂണ്ടികാട്ടിത്തന്നു. ദരിദ്രർക്കു സുവിശേഷവും ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ സംവത്സരവും പ്രഖ്യാപിച്ചു കടന്നുവന്ന രക്ഷകൻ (ലൂക്കാ 4:18-19) മൂന്നുവർഷത്തെ തന്റെ പരസ്യജീവിതകാലത്ത് നിത്യരക്ഷയുടെ കവാടങ്ങൾ ലോകത്തിനു മുൻപിൽ വിശാലമായി തുറന്നിട്ടു. പാപങ്ങൾ മോചിപ്പിച്ചും രോഗികളെ സുഖപ്പെടുത്തിയും പിശാചുബാധിതരെ ബന്ധനവിമുക്തരാക്കിയും ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ പഠിപ്പിച്ചും അവിടുന്ന് ഗ്രാമങ്ങൾ തോറും ചുറ്റി സഞ്ചരിച്ചു. ഒരുവൻ തന്റെ സഹോദരനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്നു പഠിപ്പിച്ച് സഹോദരസ്നേഹത്തിലേക്ക് അവിടുന്ന് നമ്മെ മാടിവിളിച്ചു. അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ തീറ്റിപ്പോറ്റി പങ്കുവയ്പിന്റെ മഹാത്മ്യം നമുക്കായി അവിടുന്ന് വെളിപ്പെടുത്തിത്തന്നു. ധൂർത്തപുത്രനോട് പരിപൂർണ്ണമായി ക്ഷമിച്ച് അവനെ ആലിംഗനം ചെയ്ത് അവന്റെ പേരിൽ വിരുന്നൊരു

ക്കിയ പിതാവിനെ അവതരിപ്പിച്ചുകൊണ്ട് സ്വർഗീയപിതാവിന്റെ സ്നേഹത്തിന്റെ ആഴവും ക്ഷമയുടെ മാധുര്യവും നിറഞ്ഞ നല്ല പാഠങ്ങൾ നമ്മെ അവിടുന്ന് പഠിപ്പിച്ചു.

ആകാശത്തിലെ പറവകളെയും വയലിലെ പൂക്കളെയും മുന്തിരിത്തോട്ടത്തെയും കൃഷിക്കാരനെയും വിത്തിനെയും വിളയെയും പറ്റി ലോകത്തോടു സംസാരിച്ചത് പ്രപഞ്ചത്തിൽ ഒളിഞ്ഞിരിക്കുന്ന ദൈവസ്നേഹത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കാനും പരിസ്ഥിതി സ്നേഹത്തിലേക്ക് നമ്മെ നയിക്കാനുമാണ്. പരസ്യജീവിതത്തിനു മുൻപായി നാല്പതുരാവും നാല്പതു പകലും മരുഭൂമിയിൽവെച്ചും പിന്നീട് ഗത്സെമെനിയിൽവെച്ചും കുരിശിൽക്കിടന്നുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ട് നിരന്തരമായ പ്രാർത്ഥനയുടെ ആവശ്യകത നമ്മെ അവിടുന്ന് പഠിപ്പിച്ചു. കഠിനമായ പീഡാസഹനങ്ങളെ ക്ഷമയോടെ സമീപിച്ചും ശത്രുക്കൾക്കുവേണ്ടി കുരിശിൽ കിടന്നുപോലും പ്രാർത്ഥിച്ചും സഹനത്തിന്റെ രക്ഷാകര മൂല്യങ്ങൾ അവിടുന്ന് നമുക്കു വെളിപ്പെടുത്തിത്തന്നു.

രക്ഷകന്റെ വരവ് അനുസ്മരിച്ചുകൊണ്ട് നമ്മൾ ആരംഭിക്കാൻ പോകുന്ന ഈ ആഗമനകാലത്തിൽ യേശുവിന്റെ വരവിന്റെ സന്തോഷം ഒരിക്കൽക്കൂടെ അനുഭവവേദ്യമാക്കാൻ നാം ഒരുങ്ങുകയാണ്. പ്രാർത്ഥനയിലും ഉപവാസത്തിലും ദാനധർമ്മത്തിലും ആഗമനകാലത്തിലെ ഈ നാളുകൾ ഭക്തിപൂർവ്വം ചെലവഴിച്ച് രക്ഷകന്റെ വരവിനായി നാം നമ്മെത്തന്നെ ഒരുക്കുമ്പോൾ സ്നേഹത്തിന്റെയും ക്ഷമയുടെയും പങ്കുവയ്പിന്റെയും പാഠങ്ങൾ നമുക്ക് മറക്കാതിരിക്കാം.

നാം ആഘോഷിച്ച കരുണയുടെവർഷം സമാപിച്ചുവെങ്കിലും കരുണയുടെ വാതിലുകൾ ഒരിക്കലും അടയുന്നില്ല. ഇത്തരുണത്തിൽ, കരുണയുടെ വർഷത്തോടനുബന്ധിച്ച് അതിരൂപതയിലാകമാനവും ഇടവകകളിലും സ്ഥാപനങ്ങളിലും പൊതുസമൂഹത്തിനും നിങ്ങൾ ചെയ്ത എല്ലാ കരുണയുടെ പ്രവർത്തനങ്ങൾക്കും ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. സമൃദ്ധമായ ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. സർവ്വോപരി തികച്ചും വ്യക്തിപരമായി നിങ്ങൾ അനുഷ്ഠിച്ച കരുണയുടെയും ത്യാഗത്തിന്റെയും പ്രവർത്തനങ്ങളും ഞാൻ അനുസ്മരിക്കുന്നു. കൂടാതെ, കരുണയുടെ കവാടങ്ങളായി പ്രഖ്യാപിച്ച ദേവാലയങ്ങളിലേക്ക് തീർത്ഥാടനം നടത്തുകയും, വൃദ്ധമന്ദിരങ്ങൾ, അനാഥാലയങ്ങൾ ആതുരശുശ്രൂഷകേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പല

കാരുണ്യപ്രവർത്തനങ്ങളും നടത്താൻ ഈ കരുണയുടെവർഷത്തിൽ നമുക്കു കഴിഞ്ഞു. ആരും അനാഥരല്ലെന്നും ഒറ്റപ്പെട്ടവരല്ലെന്നും ബോധ്യപ്പെടുത്താൻ വിശ്വാസസമൂഹവും വിവിധസംഘടനകളും വഴി പരിശ്രമിക്കുകയുണ്ടായി. ഇനിയുള്ള നാളുകളിലും കരുണയുടെ പ്രഘോഷകരും ഊർജസ്വലതയുള്ള പ്രവർത്തകരുമായിരിക്കുന്ന തിൽനിന്ന് നമുക്ക് വിരമിക്കാതിരിക്കാം.

ഈ ആഗമനകാലം യുഗാന്ത്യത്തിൽ നമ്മുടെ രക്ഷകന്റെ രണ്ടാം വരവിനായുള്ള കാത്തിരിപ്പിന്റെ കാലം കൂടിയാണല്ലോ. വിശക്കുന്ന വന് ഭക്ഷണവും ദാഹിക്കുന്നവന് വെള്ളവും നഗ്നന് വസ്ത്രവും രോഗിക്ക് ശുശ്രൂഷയും കാരാഗൃഹത്തിൽ വസിക്കുന്നവന് സാന്ത്വനവും നല്കിയോ എന്ന അന്ത്യവിധിനാളിലെ ചോദ്യം നമ്മുടെ ജീവിതത്തി ലുടനീളം ക്രിസ്തു സ്നേഹവും പരസ്നേഹവും കാത്തുസൂക്ഷിക്കു ന്നതിനുള്ള മാനദണ്ഡമാക്കാൻ നമുക്ക് പ്രചോദനം നല്കട്ടെ. യേശു വിന്റെ കാലിത്തൊഴുത്തിന്റെ ലാളിത്യവും വിശുദ്ധിയും നമ്മുടെ വ്യക്തി ജീവിതത്തിൽ പാലിക്കാനുള്ള ആർജ്ജവം നേടിയെടുക്കാൻ ഈ ആഗമനകാലത്ത് നമുക്ക് പരിശ്രമിക്കാം.

ആഗതമാകുന്ന ക്രിസ്തുമസിന്റെ എല്ലാ അനുഗ്രഹങ്ങളും ആശം സകളും നേരുന്നു.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാള മായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമ ത്തിൽ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്ന് 2016 ഒക്ടോബർ 26-ാം തീയതി,

എറണാകുളം — ✠ ***ഫ്രാൻസിസ് കല്ലറക്കൽ***
26.10.2016 — വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2016 നവംബർ 20-ാം തീയതി ഞായ റാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.**

NOTIFICATION - 11

## TRANSFERS AND APPOINTMENTS

1 **Rev. Fr. Aloysius Thaiparambil**
Director, Family Apostolate
Ashirbhavan, Cochin - 682 018.

2. **Rev. Fr. Antony Arackal (Jr.)**
Director, Ashirbhavan & BCC
Cochin - 682 018.

3. **Rev. Fr. Antony Bibu Kadamparambil**
Parish Priest, Sacred Heart Church
Edappally North, AIMS P.O., Cochin - 682 041.

4. **Rev. Fr. Antony Dominic Figarado**
Associate Director
Little Flower Engg. Institute, Kalamassery - 683 104.

5. **Rev. Fr. Antony Karippatt**
Director, Commission for Catechetics
Ashirbhavan, Cochin - 682 018.

6. **Rev. Fr. Antony Vellayil**
Parish Priest,
Our Lady of Velankanny Church,
Charianthuruth, Varappuzha P.O. - 683 517.

7. **Rev. Fr. Charles Lopez**
Director Avilabhavan &
Administrator, Archbishop Attipetti Nagar
Avilabhavan, Chembumukku, Kakkanad - 682 021

8. **Rev. Fr. Dominic Kanappilly**
Parish Priest, Christ the King Church
Narackal P.O., Arattuvazhy - 682 505.

9. **Rev. Fr. Francis Dixon Fernandez**
Secretary, Family Commission KRLCC
St. Joseph Pontifical Seminary
Carmelgiri, PB No. 604 ,
Aluva, Pin 683 102

10. **Rev. Fr. Francis Glanson Aruja**
Parish Priest, Sacred Heart Church
Thevarkad, Varappuzha - 683 517

11. **Rev. Fr. Francis Koikaranparambil**
Parish Priest, St. Sebastian's Church,
Edayakkunnam S.Chittoor,
Cheranelloor P.O- 682 027.

12. **Rev. Fr. George Kuruppath**
Parish Priest, Lourdu Matha Church
Elamakkara - 682 026

13. **Rev. Fr. George Sequeira**
Parish Priest, Church of Our Lady of Fatima
Elamkulam, Cochin - 682 020.

14. **Rev. Fr. Gino George Kadumgamparambil**
Priest in Charge, St. Antony's Church
Kakkanad, Athany - 683 585
& Director
Commissin for Environment

15. **Rev. Fr. Job Vazhakottathil**
Parish Priest, St. Antony's Church
Chennur - 682 027.

16. **Rev. Fr. John Palliparambil**
Priest in Charge, St. Antony's Church
Mulamthuruthy - 682 307

17. **Rev. Fr. Jose Thannipilly**
Parish Priest, St. Antony's Church
Nedumbassery, Athany, Cochin – 683585.

18. **Rev. Fr. Joseph Biju Kalloor**
Priest in Charge, St. Joseph's Church
Panambukad, Cochin - 682 031.

19. **Rev. Fr. Joseph Panikkassery**
Parish Priest, Mount Carmel Church
MamangalamCochin - 682 025.

20. **Rev. Fr. Joseph Sherin Chemmayath**
Judicial Notary

21. **Rev. Fr. Joseph Thoppil**
Parish Priest,
Our Lady of Perpetual Help Church
Udayamperur - 682 307

22. **Rev. Fr. Paulson Simethy**
Parish Priest, St. Antony's Church
Vaduthala, Cochin - 682 023.

23. **Rev. Fr. Peter Ambalathinkal**
Parish Priest, Church of Our Lady of Nativity
Muttinakam - 683 517.

24. **Rev. Fr. Rockey Kollamparambil**
Parish Priest, St. Francis Xavier's Church
Ponel, Cochin - 682 019

25. **Rev. Fr. Sebastian Karukappilly**
Parish Priest,
Church of Our Lady of Perpetual Help
Valappu, Ochanthuruth - 682 508.

&
Director , Commission for Evangelisation
Charismatic Movement in the Archdiocese

26. **Rev. Fr. Sebastian Moonukoottungal**
Parish Priest, St. Sebastian's Church
Madavana, Panangad P.O.Pin – 682506.

27. **Rev. Fr. Sibi Choothamparambil**
Studies, Pune

28. **Rev. Fr. Stanley Mathirappilly**
Coordinator for General Ministries and Commissions,
Archdiocese of Verapoly
Latin Archbishop's House
Post Box No. 2581, Cochin - 682 031.

29. **Rev. Fr. Thadeus Babu Vavakatt**
Parish Priest, St. John the Apostle of Church
Muppathadom - 683 110.

30. **Rev. Fr. Yesudas Pazhampilly**
Priest in Charge, St. Jude Thaddeus Church
Kidangoor, Yoodhapuram – 683591

31. **Rev. Fr. James Michael PMI**
Asst. Parish Priest
Mount Carmel Church
Chathiath, Cochin - 682 012.

32. **Rev. Fr. Mathew Kumbalathuparambil OCD**
Asst. Parish Priest
St. Francis Xavier's Church, Kaloor
Cochin - 682 017.

Chancellor

## NOTIFICATION - 12

# 2015–2016 സാമ്പത്തിക വർഷത്തിലെ കണക്ക് സമർപ്പിക്കുന്നതിനെ സംബന്ധിച്ച്

2015–16 സാമ്പത്തിക വർഷത്തിലെ നമ്മുടെ പള്ളികളിലേയും സ്ഥാപനങ്ങളിലേയും കണക്കുകൾ ഇനിയും ഓഡിറ്റിന് ഏൽപ്പിച്ചിട്ടില്ലാത്തവർ ഏറ്റവും ഗൗരവത്തോടും ഉത്തരവാദിത്വത്തോടും കൂടെ എത്രയും വേഗം കണക്കുകൾ ഓഡിറ്റിന് നല്കി കൂരിയയിൽ ഏൽപ്പിക്കേണ്ടതാണ്. അതിരൂപതാ കൂരിയയിൽ ഇനിയും കൊടുത്തുതീർക്കുവാനുള്ള വിശേഷാൽ പിരിവുകളും 7% വിഹിതവും ഏൽപ്പിക്കണമെന്നുകൂടി നിർദ്ദേശിക്കുന്നു.

നമ്മുടെ പള്ളികളുടെയും സ്ഥാനപങ്ങളുടെയും വരവിന്റെ 85% ചിലവഴിച്ചിട്ടില്ലായെങ്കിൽ Income Tax ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്. കാരണം ഈ വർഷം മുതൽ Income Tax Act പ്രകാരം ചിലവാക്കാത്ത തുകയ്ക്ക് Income Tax കൊടുക്കേണ്ടി വരും. ആയതിനാൽ നമ്മുടെ പള്ളികളുടെയും സ്ഥാപനങ്ങളുടെയും കണക്കുകൾ ഓഡിറ്റ് ചെയ്ത് സമയബന്ധിതമായി ഹാജരാക്കേണ്ടതാണ്. Income Tax ഡിപ്പാർട്ടുമെന്റിന്റെ പുതിയ നയപ്രകാരം 20,000 രൂപയിൽ കൂടുതൽ വരുന്ന ക്യാഷ് ഇടപാടുകൾ ചെക്കിലൂടെ മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന കാര്യം അറിയിക്കുകയാണ്. നമ്മുടെ പള്ളികളും സ്ഥാപനങ്ങളും അതിരൂപതാ കൂരിയയിൽ നല്കേണ്ട വിശേഷാൽ പിരിവുകളും 7%o വിഹിതവും കുർബാനപണവും ചെക്കുകൾ മുഖേന നല്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വിശേഷാൽ പിരിവുകൾ Collection A/c, Archdiocese of Verapoly എന്ന പേരിലും 7% വിഹിതം Curia A/c, Archdiocese of Verapoly എന്ന പേരിലും കുർബാനപണം Mass A/c, Archdiocese of Verapoly എന്ന പേരിലും ആണ് ചെക്ക് എഴുതേണ്ടത്. കൂടാതെ PAN Card (Permanent Account Number) നു പുറമെ ഇൻകം ടാക്സ് ഓഫീസിൽ നിന്നും **12 A** സർട്ടിഫിക്കറ്റ് (Tax Exception-ന് നിങ്ങൾക്ക് അർഹതയുണ്ട് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്) കൂടി എടുക്കേണ്ടതാണ് എന്ന കാര്യവും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

എറണാകുളം
26.10.2016

✠ ***ഫ്രാൻസിസ് കല്ലറക്കൽ***
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

# CASUS

## NOVEMBER - 2016

A child born out of wedlock or of a void or illegal marriage is considered illegitimate. At common law, legitimacy is the status of a child who is born to parents who are legally married to one another, or who is born shortly after the parents' marriage ends through divorce. The opposite of legitimacy is the status of being illegitimate – born to a woman and a man who are not married to one another. In both canon and civil law, the offspring of putative marriages are legitimate. Children pay for the decisions taken by the parents and are denied inheritance rights in principle, if not in terms of the legal statutes, that they now have access to. Even worse, a child born of rape is stigmatised and is treated as illegitimate both by society and by law because it is difficult to ascertain the paternity of a child conceived in rape. Very often we, priests, meet with the cases of unmarried mothers who want to baptize their babies. Some non-catholic denominations speak about the 'heartlessness' of the Catholic Church for refusing to baptize innocent illegitimate children. There are cases of many single mothers who are refused baptism for their babies. In the case of the baptism of illegitimate children, we refuse to mention the name of the father of the child in the register of baptism. The following questions will help us to understand the concept of legitimacy of children and the question of the baptism of illegitimate children and it's recording.

**Questions:**

1. **What are the presumptions concerning legitimacy of children? (Ref. Can. 1138)**

**Answer**: Can. 1138 §1: The father is he whom a lawful marriage indicates unless clear evidence proves the contrary.

§2. Children born at least 180 days after the day when the marriage was celebrated or within 300 days from the day of the dissolution of conjugal life are presumed to be legitimate.

**2. What are the parental prerequisites for infant baptism? (Ref. Can. 868)**

**Answer**: Can. 868 §1: For an infant to be baptized licitly:

1° the parents or at least one of them or the person who legitimately takes their place must consent;

2° there must be a founded hope that the infant will be brought up in the Catholic religion; if such hope is altogether lacking, the baptism is to be delayed according to the prescripts of particular law after the parents have been advised about the reason.

§2. An infant of Catholic parents or even of non-Catholic parents is baptized licitly in danger of death even against the will of the parents.

In the *Instruction on Infant Baptism* by the Sacred Congregation for the Doctrine of the Faith on October 20, 1980 it is stated in no. 28: "In the first place, it is important to recall that the Baptism of infants must be considered a serious duty. The questions which it poses to pastors can be settled only by faithful attention to the teaching and constant practice of the Church. Concretely, pastoral practice regarding infant Baptism must be governed by two great principles, the second of which is subordinate to the first.

1) Baptism, which is necessary for salvation, is the sign and the means of God's prevenient love, which frees us from original sin and communicates to us a share in divine life. Considered in itself, the gift of these blessings to infants must not be delayed.

2) Assurances must be given that the gift thus granted can grow by an authentic education in the faith and Christian life, in order to fulfill the true meaning of the sacrament. As a rule, these assurances are to be given by the parents or close relatives, although various substitutions are possible within the Christian community. But if these assurances are not really serious there can be grounds for delaying the sacrament; and if they are certainly non-existent the sacrament should even be refused".

**3. How does the Church deal with the recording of baptism? (Ref. Can. 877)**

**Answer**: Can. 877 §1: The pastor of the place where the baptism is celebrated must carefully and without any delay record in the baptismal register the names of the baptized, with mention made of the minister, parents, sponsors, witnesses, if any, the place and date of the conferral of the baptism, and the date and place of birth.

**§2. If it concerns a child born to an unmarried mother, the name of the mother must be inserted, if her maternity is established publicly or if she seeks it willingly in writing or before two witnesses. Moreover, the name of the father must be inscribed if a public document or his own declaration before the pastor and two witnesses proves his paternity; in other cases, the name of the baptized is inscribed with no mention of the name of the father or the parents.**

§3. If it concerns an adopted child, the names of those adopting are to be inscribed and, at least if it is done in the civil records of the region, also the names of the natural parents according to the norm of §§1 and 2, with due regard for the prescripts of the conference of bishops.

Can. 878: If the baptism was not administered by the pastor or in his presence, the minister of baptism, whoever it is, must inform the pastor of the parish in which it was administered of the conferral of the baptism, so that he records the baptism according to the norm of Can. 877, §1.

**4. What about the baptism of an abandoned child or a foundling? (Ref. Can. 870)**

**Answer**: Can. 870: An abandoned infant or a foundling is to be baptized unless after diligent investigation the baptism of the infant is established.

**5. What are the prerequisites for sponsors at baptism?**

Answer: Canon 874.

**6. Can a person who is not present at the time of baptism be a sponsor by proxy?**

Yes, it is possible for a person who is not present at the time of baptism be a sponsor provided that the person concerned has consented and given in writing that he/she is willing to be a sponsor.

**7. Can a non-catholic baptized be a sponsor for baptisms?**

No. The role of the sponsor is, together with the parents, to present the child for baptism and to help in the faithful fulfillment of the duties inherent in baptism, thus helping the child to live a Christian life. Canon 874 clearly states that only a Catholic who has been confirmed and has received the Eucharist and who lives the life of faith which befits the role to be undertaken can be a sponsor for baptism (See CCEO 685§3 for Orientals: For a just cause, it is permitted to admit the Christian faithful of another Eastern non-Catholic Church to the function of a sponsor, but always at the same time with a Catholic).

A baptized person who belongs to a non-catholic ecclesial community may be admitted only in company with a Catholic sponsor, and then simply as a witness to the baptism. **However, a member of an Eastern Orthodox Church can be allowed to act as a sponsor together with a Catholic sponsor at the baptism of a Catholic infant or adult so long as there is provision for the Catholic education of the person being baptized, and it is clear that the sponsor is suitable one** (As it is explicitly allowed in the Directory concerning Ecumenical Matters).

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21